## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 6521 11.07.2012 - ൽ മറുപടിക്ക്

## കാസർഗോഡ് ജില്ലയിലെ 'സെൻസിറ്റീവ്' പ്രദേശങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കാസർഗോഡ് നഗരസഭയിലും സമീപ പഞ്ചായത്തുകളിലും ആക്രമണങ്ങളുടേയും അനിഷ്ട സംഭവങ്ങളുടേയും കാര്യത്തിൽ ഏതൊക്കെ പ്രദേശങ്ങളാണ് കൂടുതൽ സെൻസിറ്റീവ് ആയി കണ്ടെത്തിയിട്ടുള്ളത് ; | (എ) കാസർഗോഡ് പോലീസ് സ്റ്റേഷൻ പരിധിയിലുള്ള നെല്ലിക്കുന്ന് ബീച്ച്, ഏരിയാൽ, ചൗക്കി അടുക്കത്ത് ബയൽ, ചൂരി, മിപ്പുഗിരി, പാറക്കട്ട, കുഡലു എന്നീ സ്ഥലങ്ങളും, വിദ്യാനഗർ പോലീസ് സ്റ്റേഷൻ പരിധിയിലുള്ള മുട്ടത്തൊടി, ചെട്ടുകുഴി, ഉളിയത്തടുക്ക തുടങ്ങിയ സ്ഥലങ്ങളുമാണ് കൂടുതൽ സെൻസിറ്റീവ് പ്രദേശങ്ങളായി കണ്ടെത്തിയിട്ടുള്ളത്. |
| (ബി) സെൻസിറ്റീവ് പ്രദേശങ്ങളിൽ ഏത് രീതിയിലുള്ള മുൻകരുതലുകളും പ്രതിരോധ നടപടികളുമാണ് പോലീസ് സ്വീകരിച്ചിട്ടുള്ളത് ; | (ബി) ഉത്തരം അനുബന്ധം 'എ' ആയി ചേർത്തിരിക്കുന്നു. |
| (സി) സാമൂഹ്യദ്രോഹികളേയും അക്രമകാരികളേയും കണ്ടെത്താൻ സി.സി.വി. ക്യാമറകൾ സ്ഥാപിക്കുന്ന കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു; കാസർഗോഡ് ഇത്തരം എത്ര ക്യാമറകൾ, എവിടെയൊക്കെയാണ് സ്ഥാപിച്ചിട്ടുള്ളത്; ഇനി എവിടെയൊക്കെ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു; ഇതിനു വേണ്ടി വരുന്ന ചെലവ് എത്രയെന്നും ഇതിനുള്ള തുക ഏതു ഫണ്ടിൽ നിന്നാണ് ഉപയോഗിക്കുന്നതെന്നും വ്യക്തമാക്കുമോ ? | (സി) കാസർഗോഡ് പുതിയ ബസ്സ്റ്റാന്റ് പരിസരത്ത് ക്യാമറ സ്ഥാപിച്ചിട്ടുണ്ട്. ക്യാമറ സ്ഥാപിക്കുന്നതിന് പ്രത്യേക ഫണ്ടുകളൊന്നും ലഭ്യമായിട്ടില്ല.<br>കാസർകോട് ജില്ലയിൽ തുടർച്ചയായി ഉണ്ടാകുന്ന അക്രമ സംഭവങ്ങളെ ചെറുക്കുന്നതിനായി ഒരു സ്പെഷ്യൽ പോലീസ് പാക്കേജിന് അംഗീകാരം നൽകി കഴിഞ്ഞു. ഇതനുസരിച്ചുള്ള നടപടി ക്രമങ്ങൾ നടന്നു വരുന്നു. ഇവയിൽ ക്ളോസ്ഡ് സർക്യൂട്ട് ക്യാമറകൾ (CCTV Cameras) സ്ഥാപിക്കുവാനും ഉദ്ദേശിക്കുന്നുണ്ട്. സ്ഥാപിക്കേണ്ടതായി കണ്ടെത്തിയിട്ടുള്ള പ്രദേശങ്ങളുടെ പേരുവിവരം അനുബന്ധം 'ബി' ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 'എ'**

1. മുഴുവൻ സമയവും പ്രവർത്തന സജ്ജമായ പോലീസ് കൺട്രോൾ റും കാസർകോട്ടും കാഞ്ഞങ്ങാട്ടും പ്രവർത്തിച്ചു വരുന്നു.

2. പ്രശ്ന ബാധിത പ്രദേശങ്ങളിൽ പോലീസ് പട്രോളിംഗ് സംവിധാനം ശക്തിപ്പെടുത്തിയിട്ടുണ്ട്.

3. വർഗ്ഗീയ അസ്വസ്ഥ ബാധിത പ്രദേശങ്ങൾ തരം തിരിച്ച് ടി സ്ഥലങ്ങളിലെ ആരാധനാലയങ്ങൾ, മതപരവും രാഷ്ട്രീയവുമായി വേർതിരിച്ച് രൂപപ്പെടുത്തിയ സംഘടനകളുടെ ഓഫീസുകൾ എന്നിവിടങ്ങളിൽ ഓരോ 15 മിനിട്ടിലും പോലീസിന്റെ സാന്നിദ്ധ്യം ഉറപ്പു വരുത്തുന്നു.

4. പ്രശ്ന ബാധിത പ്രദേശങ്ങളുടെ പ്രഭവ കേന്ദ്രമെന്ന് കരുതുന്ന സ്ഥലങ്ങളിൽ QRT (Quick Response Team) Striking Force നെ വിന്യസിപ്പിച്ച് സ്ഥിതിഗതികളുടെ വിവരമനുസരിച്ച് അതിവേഗ പോലീസ് നടപടികൾ സ്വീകരിച്ചു വരുന്നു.

5. അസ്വസ്ഥബാധിത പ്രദേശങ്ങളിൽ അടിക്കടിയുള്ള നിരീക്ഷണവും ആവശ്യമെങ്കിൽ പോലീസ് പിക്കറ്റ്, ഫൂട്ട് പട്രോൾ എന്നിവ ഏർപ്പെടുത്തി.

6. അസമയങ്ങളിലെ വാഹന ഗതാഗതത്തെ സൂക്ഷ്മ നിരീക്ഷണം നടത്തിയും നിയന്ത്രിച്ചും വരുന്നു.

7. മതസൗഹാർദ്ദത്തിന് ഹാനികരമാകത്തക്ക രീതിയിലുള്ള പെയിന്റിങ്ങുകൾ, തോരണങ്ങൾ, ചുവരെഴുത്തുകൾ എന്നിവ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

8. സാമുദായിക അടിസ്ഥാനത്തിലുള്ള ബസ് വെയിറ്റിങ്ങ് ഷെഡ്ഡുകൾ നീക്കം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചു.

9. റാലികളിലും മറ്റും പ്രകോപനപരമായ മുദ്രാവാക്യങ്ങൾ മുഴക്കുന്നത് തടയുന്നതിനും നടപടി സ്വീകരിച്ചു.

10. ആരാധനാലയങ്ങൾ നിർമ്മിക്കുന്നതിനും പുനരുദ്ധാരണം നടത്തുന്നതിനും ജില്ലാ അധികാരികളുടെ മുൻകൂർ അനുമതി കർശനമാക്കിയിട്ടുണ്ട്.

6521



## അനുബന്ധം 'ബി'

| കാസർഗോഡ് പോലീസ് സ്റ്റേഷൻ പരിധി | |
|---|---|
| ക്രമ നമ്പർ | സ്ഥലത്തിന്റെ പേര് |
| 1 | അനൻഗോർ ജംഗ്ഷൻ |
| 2 | നെല്ലിപടി |
| 3 | പഴയബസ്റ്റാന്റ് |
| 4 | പുതിയബസ്റ്റാന്റ് |
| 5 | കരന്തക്കാട് |
| 6 | അടുക്കത്ത്ബയൽ |
| 7 | ചൗക്കി |
| 8 | പെരിയടുക്ക |
| 9 | ചൂരി |
| 10 | മേപ്പുഗിരി |
| 11 | പാറക്കാട്ട മോസ്ക്ക് പ്രദേശം |
| 12 | ഗവ. ആശുപത്രി പ്രധാന കവാടവും അത്യാഹിത വിഭാഗവും |
| 13 | കിംസ് ആശുപത്രി പ്രവേശന കവാടവും അത്യാഹിത വിഭാഗവും |
| 14 | കെയർവെൽ ആശുപത്രി |
| 15 | മല്ലികാർജ്ജുന ക്ഷേത്ര റോഡ് മുൻവശം |
| 16 | ജൽസൂർ ജംഗ്ഷൻ |

| വിദ്യാനഗർ പോലീസ് സ്റ്റേഷൻ പരിധി | |
|---|---|
| ക്രമ നമ്പർ | സ്ഥലത്തിന്റെ പേര് |
| 1 | ഉളിയത്തടുക്ക |
| 2 | മധൂർ |
| 3 | പാട്ടിയ |
| 4 | ബി സി റോഡ് |
| 5 | സിവിൽ സ്റ്റേഷൻ മെയിൻ ഗേറ്റ് |
| 6 | നെയ്മാർമൂല |
| 7 | ചെർക്കള |
| 8 | ഇടനീർ |
| 9 | ചട്ടഞ്ചാൽ |
| 10 | പൊയ്നാച്ചി |
| 11 | മേലപ്പറമ്പ |

6521



| ഹോസ്ദുർഗ് പോലീസ് സ്റ്റേഷൻ പരിധി | |
|---|---|
| ക്രമ നമ്പർ | സ്ഥലത്തിന്റെ പേര് |
| 1 | കോട്ടാച്ചേരി |
| 2 | അതിൻഹൽ |
| 3 | മടിയൻ ജംഗ്ഷൻ |
| 4 | മൻസൂർ ഹോസ്പിറ്റൽ റോഡ് മുൻവശം |
| 5 | പുതിയകോട്ട |
| 6 | മാണിക്കോത്ത് |
| 7 | കല്ലൂരവി |
| 8 | മുറിയനവി |
| 9 | പഴയ ബസ്റ്റാന്റ് കാഞ്ഞങ്ങാട് |
| 10 | അറങ്ങാടി |
| 11 | ഗവ. ഹോസ്പിറ്റൽ മുൻവശം |

Joseph
സെക്ഷൻ ഓഫീസർ